**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 961** **12-06-2024 - ൽ മറുപടിയ്ക്ക്**

**സർക്കാർ സ്ഥാപനങ്ങളുടെ ഭൂമിയിൽ നട്ടുവളർത്തിയ മരങ്ങൾ മുറിച്ചുമാറ്റുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. സുജിത് വിജയൻപിള്ള | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സാമൂഹ്യവനവൽക്കരണത്തിന്റെ ഭാഗമായി സർക്കാർ സ്ഥാപനങ്ങളുടെ ഭൂമിയിൽ നട്ടുവളർത്തിയ മരങ്ങൾ സ്ഥാപനത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി മുറിച്ചുമാറ്റേണ്ടിവരുന്നതിനുള്ള നടപടിക്രമങ്ങളുടെ കാലതാമസംമൂലം വികസന പ്രവർത്തനങ്ങൾക്ക് തടസ്സം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത സാഹചര്യത്തിൽ വനം വകുപ്പ് തന്നെ മരങ്ങൾ മുറിച്ചുമാറ്റി നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (എ) | സാമൂഹ്യവനവത്കരണത്തിന്റെ ഭാഗമായി സർക്കാർ സ്ഥാപനങ്ങളുടെ ഭൂമിയിൽ നട്ടുവളർത്തിയ മരങ്ങൾ സ്ഥാപനത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി മുറിച്ചുമാറ്റേണ്ടിവരുന്നതിനുള്ള നടപടിക്രമങ്ങളുടെ കാലതാമസംമൂലം വികസന പ്രവർത്തനങ്ങൾക്ക് തടസ്സം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ട്രീ കമ്മിറ്റികളുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് വികസന പ്രവർത്തനങ്ങൾക്ക് മരം മുറിക്കുന്നതിനുള്ള അനുമതി നൽകുന്നത്. മറ്റ് വകുപ്പുകളുടെ/ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ നിൽക്കുന്ന മരങ്ങൾ വനം വകുപ്പ് തന്നെ മുറിച്ച് നീക്കം ചെയ്യുന്നത് പ്രായോഗികമല്ല. |

സെക്ഷൻ ഓഫീസർ